പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2405 05.02. 2018 ൽ മറുപടിക്ക്

# കരാർ ജീവനക്കാരുടെ മസ്ദൂർ നിയമന പട്ടിക

ചോദ്യം

ശ്രീ.പാറക്കൽ അബ്ദുല്ല

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി ബോർഡിൽ കരാർ ജീവനക്കാരുടെ മസ്ദൂർ നിയമന പട്ടികയിൽ അനർഹർ കയറിക്കൂടിയെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഏതൊക്കെ ജില്ല കളിൽ നിന്നുള്ള നിയമനപട്ടിക യിലാണ് ഇത്തരം പരാതികൾ ഉയർന്ന് വന്നിട്ടുള്ളത്; | (ബി) പ്രധാനമായും തിരുവനന്തപുരം, മലപ്പുറം, കൊല്ലം ജില്ലകളിൽനിന്നാണ് പരാതികൾ വന്നത്. |
| (സി) പരാതിയുടെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികൾ എന്തൊക്കെ എന്നറിയിക്കാമോ; | (സി) വൈദ്യുതി ബോർഡിൽ മസ്ദൂർ നിയമനപ്പട്ടികയിൽ അനർഹർ കയറിപ്പറ്റിയതായ പരാതിയെ സംബന്ധിച്ച് ചിലത് അന്വേഷണത്തിലും ചിലത് അന്വേഷണം പൂർത്തിയായി തുടർനടപടികൾ ആവശ്യമില്ലാത്തതിനാൽ ഫയലുകൾ താൽക്കാലികമായി അവസാനിപ്പിച്ചിട്ടുള്ളതു - ആകുന്നു. |
| (ഡി) പരാതിക്കാർ കോടതിയെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾഇപ്പോൾഏതുഘട്ട ത്തിലാണ്;വ്യക്തമാക്കാമോ? | (ഡി) ID 27/2002 എന്ന കേസിൽ പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ വിധിവരുമ്പോൾ കെ.എസ്.ഇ.ബോർഡിൽ മസ്ദൂർ നിയമനത്തിന് അടിസ്ഥാന യോഗ്യത എന്തായിരുന്നു എന്നും ഇതാണ് കരാർ നിയമനത്തിനും ബാധകമാകുക എന്നും അതിനാൽ അധിക യോഗ്യതയുള്ളവർ അനർഹരാണെന്നും അവരെ ഒഴിവാക്കാണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള നിരവധി കോടതി വ്യവഹാരങ്ങൾ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലായിരുന്നു. അധികയോഗ്യതയുള്ളവരെ ഒഴിവാക്കി നിയമന നടപടികൾ തുടരാൻ വിധി വന്നിരുന്നുവെങ്കിലും അതിന്മേലുള്ള അപ്പീൽ പെറ്റീഷനുകൾ ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണന യിലാണ്. |

സെക്ഷൻ ഓഫീസർ